

# Palakkad Police Action

.facebook.com/palakkadpolice
www.twitter.com/DpcPalakkad

## രണ്ട് കിലോ കഞ്ചാവുമായി തിരൂരങ്ങാടി സ്വദേശി പാലക്കാട് പിടിയിൽ




ആന്ധ്രാപ്രദേശിൽ നിന്നും മലപ്പുറത്തേക്ക് കടത്തുകയായിരുന്ന 2 കിലോ കഞ്ചാവുമായി യുവാവിനെ പാലക്കാട് ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തു. മലപ്പുറം തിരൂരങ്ങാടി, ചന്തപ്പടി, പാറയിൽ വീട്ടിൽ മുഹമ്മദ് നസ്റുദ്ദീൻ, വ :21 നെയാണ് ഒലവക്കോട് , താണാവ് എന്ന സ്ഥലത്തുവെച്ച് പാലക്കാട് ടൗൺ നോർത്ത് പോലീസ് അറസ്റ്റു ചെയ്തത്.

പിടിച്ചെടുത്ത കഞ്ചാവിന് കേരളത്തിലെ ചില്ലറ വിപണിയിൽ ഒരു ലക്ഷത്തോളം രൂപ വില വരും. മലപ്പുറത്തെ ചില്ലറക്കച്ചവടക്കാർക്ക് നൽകാനാണ് കഞ്ചാവ് കൊണ്ടു വന്നത്. മുഖ്യമായും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ,

അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരെ കേന്ദ്രീകരിച്ചാണ് കച്ചവടം നടക്കുന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി ദേബേഷ് കുമാർ ബെഹ്റ IPS ന് ലഭിച്ച രഹസ്യ വിവരത്തിൻെറ അടിസ്ഥാനത്തിൽ, പാലക്കാട് നർകോടിക്ക് സെൽ DySP ഷംസുദ്ദീൻെറ നേതൃത്വത്തിൽ, പാലക്കാട് ടൗൺ നോർത്ത് ഇൻസ്പെക്ടർ C. അലവി, SI. R. രാജേഷ്, ASI ശശിധരൻ, CPO മാരായ G.ജയമോഹൻ, M. സുനിൽ, ഹിരോഷ്, S.സജീന്ദ്രൻ, C.അനിൽ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് കടത്ത് പിടികൂടിയത്.

........................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT